**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 15** **08-08-2023 - ൽ മറുപടിയ്ക്ക്**

**എലത്തൂർ ട്രെയിൻ അപകടത്തിൽ പരിക്ക് പറ്റിയവർക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എലത്തൂർ ട്രെയിൻ അപകടത്തിൽ പരിക്ക് പറ്റിയവരുടെ ചികിത്സയ്ക്ക് സർക്കാർ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; | (എ) | 11.04.2023-ലെ സ.ഉ. (എം.എസ്) നം. 78/2023/റവ പ്രകാരം 02.04.2023-ൽ കോഴിക്കോട് ഏലത്തൂരിൽ ട്രെയിനിൽ വച്ച് ഉണ്ടായ ആക്രമണത്തിനിടയിൽ മരണപ്പെട്ട കണ്ണൂർ സ്വദേശികളായ കെ.പി. നൗഫീക്ക്, എ.റഹ്മത്ത്, കോഴിക്കോട് സ്വദേശിയായ സെഹ്റ ബത്തൂൽ എന്നിവരുടെ ആശ്രിതർക്ക്/ കുടുംബങ്ങൾക്ക് അഞ്ച് ലക്ഷം രൂപ വീതം അനുവദിച്ചും ചികിത്സ ചെലവിനുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദി-ക്കുന്നതാണെന്നും ഉത്തരവായിരുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള ധനസഹായം അനുവദിച്ചിട്ടുള്ളതും പരിക്ക് പറ്റിയിട്ടുള്ളവരുടെ ചികിത്സാ സഹായത്തിനുള്ള അപേക്ഷകൾ ജില്ലാ കളക്ടർമാർ മുഖേന ലഭിച്ചിട്ടില്ലാത്തതും ആയത് ലഭ്യമാകുന്ന മുറയ്ക്ക്പരിശോധിച്ച് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. |
| (ബി) | പ്രസ്തുത ധനസഹായം എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | 11.04.2023-ലെ സ.ഉ. (എം.എസ്) നം. 78/2023/റവ പ്രകാരം 02.04.2023-ൽ കോഴിക്കോട് ഏലത്തൂരിൽ ട്രെയിനിൽ വച്ച് ഉണ്ടായ ആക്രമണത്തിനിടയിൽ മരണപ്പെട്ട കണ്ണൂർ സ്വദേശികളായ കെ.പി. നൗഫീക്ക്, എ.റഹ്മത്ത്, കോഴിക്കോട് സ്വദേശിയായ സെഹ്റ ബത്തൂൽ എന്നിവരുടെ ആശ്രിതർക്ക്/ കുടുംബങ്ങൾക്ക് അഞ്ച് ലക്ഷം രൂപ വീതം അനുവദിച്ചും ചികിത്സ ചെലവിനുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദി-ക്കുന്നതാണെന്നും ഉത്തരവായിരുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള ധനസഹായം അനുവദിച്ചിട്ടുള്ളതും പരിക്ക് പറ്റിയിട്ടുള്ളവരുടെ ചികിത്സാ സഹായത്തിനുള്ള അപേക്ഷകൾ ജില്ലാ കളക്ടർമാർ മുഖേന ലഭിച്ചിട്ടില്ലാത്തതും ആയത് ലഭ്യമാകുന്ന |

| | | | |
|---|---|---|---|
| | | | മുറയ്ക്ക്പരിശോധിച്ച തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - 2/4/2023-ൽ കോഴിക്കോട് എലത്തൂരിൽ ട്രെയിനിൽ വച്ച് ഉണ്ടായ ആക്രമണത്തിനിടയിൽ മരണപ്പെട്ട കണ്ണൂർ സ്വദേശികളായ കെ.പി. നൗഫീക്ക്, എ. റഹ്മത്ത്, കോഴിക്കോട് സ്വദേശിയായ സെഹ്റ ബത്തൂൽ എന്നിവരുടെ ആശ്രിതർക്ക്/കുടുംബങ്ങൾക്ക് അഞ്ച് ലക്ഷം രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### റവന്യൂ (ഡി.ആർ.എഫ്. - സി) വകുപ്പ്

സ.ഉ.(കൈ) നം.78/2023/RD തീയതി,തിരുവനന്തപുരം, 11-04-2023

---

പരാമർശം:- 1. കണ്ണൂർ ജില്ലാകളക്ടർ സമർപ്പിച്ച കുറിപ്പ്.

### ഉത്തരവ്

2/4/2023-ൽ കോഴിക്കോട് എലത്തൂരിൽ ട്രെയിനിൽ വച്ച് ഉണ്ടായ ആക്രമണത്തിനിടയിൽ മരണപ്പെട്ട കണ്ണൂർ സ്വദേശികളായ കെ.പി. നൗഫീക്ക്, എ. റഹ്മത്ത്, കോഴിക്കോട് സ്വദേശിയായ സെഹ്റ ബത്തൂൽ എന്നിവരുടെ ആശ്രിതർക്ക്/കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അഞ്ച് ലക്ഷം രൂപ വീതം അനുവദിച്ച് ഉത്തരവാകുന്നു. കൂടാതെ ചികിത്സാച്ചെലവിനുള്ള തുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതാണ്.

2. വിതരണത്തിനാവശ്യമായിവരുന്ന തുകയായ 15,00,000/- രൂപയിൽ (പതിനഞ്ച് ലക്ഷം രൂപ മാത്രം) 10 ലക്ഷം രൂപ കണ്ണൂർ ജില്ലാ കളക്ടർക്കും, 5 ലക്ഷം രൂപ കോഴിക്കോട് ജില്ലാ കളക്ടർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും നൽകേണ്ടതും, ജില്ലാ കളക്ടർമാർ അടിയന്തിരമായി നടപടി സ്വീകരിച്ച് സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ജില്ലാ കളക്ടർ, കണ്ണൂർ
ജില്ലാ കളക്ടർ, കോഴിക്കോട്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ (ട്രഷറി ഡയറക്ടർ തിരുവനന്തപുരം മുഖേന)
ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട് (ട്രഷറി ഡയറക്ടർ തിരുവനന്തപുരം മുഖേന)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
പൊതുഭരണ (എസ്.സി.) വകുപ്പ്. (05.04.2023-ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം. നം. 1469 OA)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.ക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.ക്ക്
റവന്യൂ ഡി.ആർ.എഫ്.-എ (മന്ത്രിസഭാ യോഗത്തിന്റെ നടപടിക്കുറിപ്പിന്റെ പകർപ്പ് സഹിതം)
ഡി.ആർ.എഫ്.--ബി വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ